**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3035** **25-10-2021 - ൽ മറുപടിയ്ക്ക്**

**വണ്ടൂർ മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വണ്ടൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പൂക്കോട്ടുംപാടം-കാളികാവ്-കേരള എസ്റ്റേറ്റ് കിഴക്കേത്തല(കരുവാരകുണ്ട്)ചിറക്കൽ മലയോര ഹൈവേ റോഡ് പ്രവൃത്തിയുടെ ടെന്റർ നടപടികളെല്ലാം പൂർത്തിയായിട്ടും ഇതുവരെ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | പൂക്കോട്ടുംപാടം - കാളികാവ് കേരള എസ്റ്റേറ്റ് കിഴക്കേത്തല (കരുവാരകുണ്ട്) ചിറക്കൽ മലയോര ഹൈവേ റോഡ് പ്രവൃത്തിയിൽ കാളികാവ് മുതൽ ചിറക്കൽ വരെ 8.7 കിലോമീറ്റർ പ്രവൃത്തി ചെയ്യുന്നതിന് ടെണ്ടർ നടപടികൾ പൂർത്തിയാക്കി, 24.09.2020 തീയതിയിൽ എഗ്രിമെന്റ് നമ്പർ 14/PWD013-10/PD/PMU – KRFB/ 2020-21 പ്രകാരം പ്രവൃത്തിയുടെ കരാർ നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തി 01.10.2020 ന് കരാറുകാരന് പൊതുമരാമത്തു നിരത്തു വിഭാഗം കൈമാറിയിരുന്നെങ്കിലും പ്രവൃത്തി ആരംഭിച്ചിരുന്നില്ല. ഈ കാലയളവിൽ ഭൂമി സർവ്വേയും മരങ്ങളുടെ valuation നടപടികളും പുരോഗമിച്ചു വരികയായിരുന്നു. പ്രസ്തുത പ്രവൃത്തി 04.03.2021 ന് കെ.ആർ.എഫ്.ബി - പി.എം.യു മലപ്പുറം വിഭാഗം ഏറ്റെടുത്തതിന് ശേഷം മേൽ നടപടികൾ പൂർത്തീകരിച്ചു. മരങ്ങളുടെ സർവ്വേ റിപ്പോർട്ട് 06.10.2021 ൽ കെ.ആർ.എഫ്.ബി - പി.എം.യു പ്രോജക്ട് ഡയർറക്ടറുടെ കാര്യാലയത്തിൽ നിന്നും അംഗീകരിച്ച് നൽകുകയും ലേല നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. 11.10.2021 ൽ കരാറുകാരന് പ്രവൃത്തി തുടങ്ങുവാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തടസ്സങ്ങൾ പരിഹരിച്ച് പ്രവൃത്തി എത്രയുംപെട്ടെന്ന് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും റോഡ് പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | (ബി) | പൂക്കോട്ടുംപാടം - കാളികാവ് കേരള എസ്റ്റേറ്റ് കിഴക്കേത്തല (കരുവാരകുണ്ട്) ചിറക്കൽ മലയോര ഹൈവേ റോഡ് പ്രവൃത്തിയിൽ കാളികാവ് മുതൽ ചിറക്കൽ വരെ 8.7 കിലോമീറ്റർ പ്രവൃത്തി ചെയ്യുന്നതിന് ടെണ്ടർ നടപടികൾ പൂർത്തിയാക്കി, 24.09.2020 തീയതിയിൽ എഗ്രിമെന്റ് നമ്പർ 14/PWD013-10/PD/PMU – KRFB/ 2020-21 പ്രകാരം പ്രവൃത്തിയുടെ കരാർ നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തി |

| | | | |
|---|---|---|---|
| | | | 01.10.2020 ന് കരാറുകാരന് പൊതുമരാമത്ത നിരത്ത വിഭാഗം കൈമാറിയിരുന്നെങ്കിലും പ്രവൃത്തി ആരംഭിച്ചിരുന്നില്ല. ഈ കാലയളവിൽ ഭൂമി സർവ്വേയും മരങ്ങളുടെ valuation നടപടികളും പുരോഗമിച്ചു വരികയായിരുന്നു. പ്രസ്തുത പ്രവൃത്തി 04.03.2021 ന് കെ.ആർ.എഫ്.ബി - പി.എം.യു മലപ്പുറം വിഭാഗം ഏറ്റെടുത്തതിന് ശേഷം മേൽ നടപടികൾ പൂർത്തീകരിച്ചു. മരങ്ങളുടെ സർവ്വേ റിപ്പോർട്ട് 06.10.2021 ൽ കെ.ആർ.എഫ്.ബി - പി.എം.യു പ്രോജക്ട് ഡയർറക്ടറുടെ കാര്യാലയത്തിൽ നിന്നും അംഗീകരിച്ച് നൽകുകയും ലേല നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. 11.10.2021 ൽ കരാറുകാരന് പ്രവൃത്തി തുടങ്ങുവാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന വാണിയമ്പലം-താളിയംകുണ്ട്-പൂളമണ്ണ റോഡ് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പൂളമണ്ണ – താളിയംകുണ്ട് - വാണിയമ്പലം റോഡ് വീതി കൂട്ടി നവീന രീതിയിൽ പുനരുദ്ധരിക്കുന്നതിനായി (4/350 മുതൽ 11/900 വരെ) 21.40 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിക്കുകയുണ്ടായി (ഇതിൽ സ്ഥലം ഏറ്റെടുക്കുന്നതും ഉൾപ്പെടുന്നു). പ്രസ്തുത പ്രവൃത്തിയുടെ 4/350 മുതൽ 6/500 വരെയുള്ള ഭാഗം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലും, 6/500 മുതൽ 11/600 വരെ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ അധീനതയിലും, 11/600 മുതൽ 11/900 വരെ വണ്ടൂർ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുമാണ്. 16.08.2021 ന് വണ്ടൂർ ഗ്രാമപഞ്ചായത്തും 30.09.2021 ന് മലപ്പുറം ജില്ലാ പഞ്ചായത്തും അവരുടെ അധീനതയിലുള്ള റോഡ് പുനരുദ്ധാരണ പ്രവൃത്തിക്കായി കെ.ആർ.എഫ്.ബിക്ക് വിട്ട് നൽകി. 0.781 ഹെക്ടർ ഭൂമി ഏറ്റെടുക്കുവാനുള്ള റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ ഭരണാനുമതി ലഭിച്ചു. LA നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനും പ്രവൃത്തി ടെണ്ടർ ചെയ്ത് ആരംഭിക്കുവാനും കഴിയുന്നതാണ്. |
| (ഡി) | പ്രസ്തുത തടസ്സങ്ങൾ പരിഹരിച്ച് പ്രവൃത്തി എത്രയുംപെട്ടെന്ന് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും റോഡ് പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | (ഡി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പൂളമണ്ണ – താളിയംകുണ്ട് - വാണിയമ്പലം റോഡ് വീതി കൂട്ടി നവീന രീതിയിൽ പുനരുദ്ധരിക്കുന്നതിനായി (4/350 മുതൽ 11/900 വരെ) 21.40 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിക്കുകയുണ്ടായി (ഇതിൽ സ്ഥലം ഏറ്റെടുക്കുന്നതും ഉൾപ്പെടുന്നു). പ്രസ്തുത പ്രവൃത്തിയുടെ 4/350 മുതൽ 6/500 വരെയുള്ള ഭാഗം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലും, 6/500 മുതൽ 11/600 വരെ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ അധീനതയിലും, 11/600 മുതൽ 11/900 വരെ വണ്ടൂർ |

| | | | |
|---|---|---|---|
| | | | ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുമാണ്. 16.08.2021 ന് വണ്ടൂർ ഗ്രാമപഞ്ചായത്തും 30.09.2021 ന് മലപ്പുറം ജില്ലാ പഞ്ചായത്തും അവരുടെ അധീനതയിലുള്ള റോഡ് പുനരുദ്ധാരണ പ്രവൃത്തിക്കായി കെ.ആർ.എഫ്.ബിക്ക് വിട്ട് നൽകി. 0.781 ഹെക്ടർ ഭൂമി ഏറ്റെടുക്കുവാനുള്ള റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ ഭരണാനുമതി ലഭിച്ചു. LA നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനും പ്രവൃത്തി ടെണ്ടർ ചെയ്ത് ആരംഭിക്കുവാനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ